LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ

247(1291) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മേജർ ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 2014-15 വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇവയിൽ ഓരോ നിയോജക മണ്ഡലത്തിലും എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) പുതുതായി ഏതെല്ലാം പ്രൊപ്പോസലുകളാണ് ചീഫ് എഞ്ചിനീയറുടെ അനുമതിക്കുവേണ്ടി അയച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15 വർഷത്തെ CRF പദ്ധതിയിൽ മുന്തിയ പരിഗണന നൽകി ഉൾപ്പെടുത്തുന്നതിന് പയ്യന്നൂർ-ചെറുപുഴ റോഡിന്റെ 35 കി.മീ ദൂരം പുനരുദ്ധരിക്കുന്നതിനും 40 കോടി രൂപയുള്ള ശിപാർശ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ വിവരം അനുബന്ധം II ആയി വച്ചിരിക്കുന്നു.*

പെരുമൺ പാലം നിർമ്മാണം

248 (1292) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പെരുമൺ പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

(ബി) ഇതിനാവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കാമോ ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പാലത്തിന്റെ കരാർ ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിരന്തരവാദപരമായ സമീപനം സ്വീകരിച്ചു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) 16-9-2014-ലെ സ.ഉ. (സാധാ) നമ്പർ 4426/14/റവ ഉത്തരവ് പ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല. അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാൻ കഴിയാതെ വന്നതിനാലും, ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ചെല്ലഞ്ചി പാലം നിർമ്മാണം

249 (1293) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തിയായി എന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ;

(സി) ചെലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.സി.സി. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ ലംഘനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(എഫ്) ഈ പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly